**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2359** **30-09-2025 - ൽ മറുപടിയ്ക്ക്**

**സംസ്ഥാന ഭക്ഷ്യ കമ്മീഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന ഭക്ഷ്യ കമ്മീഷനെ സർക്കാർ പുനഃസംഘടിപ്പിച്ചിട്ടുണ്ടോ; ചെയർമാനും അംഗങ്ങളും ഉൾപ്പെടെ എത്ര പേരാണ് കമ്മിഷനിലുള്ളതെന്നും ഇവരുടെ സേവനവേതന വ്യവസ്ഥകൾ എപ്രകാരമാണെന്നും അറിയിക്കാമോ; | (എ) | ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013, സംസ്ഥാന ഭക്ഷ്യ ഭദ്രതാ ചട്ടം, 2018 എന്നിവയിലെ വ്യവസ്ഥകൾക്ക് അനുസൃതമായി, ചെയർപേഴ്സണും 5 അംഗങ്ങളും നിയമവകുപ്പിലെ ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഒരു മെമ്പർ സെക്രട്ടറിയുമടങ്ങുന്ന സംസ്ഥാന ഭക്ഷ്യ കമ്മീഷൻ രൂപികരിച്ചിട്ടുണ്ട്. ചെയർപേഴ്സണും കമ്മീഷൻ അംഗമായി ഒരാളും മെമ്പർ സെക്രട്ടറിയും നിലവിലുണ്ട്.<br><br>പ്രതിമാസ ഓണറേറിയമായി ചെയർപേഴ്സന് 80,000/- രൂപയും അംഗങ്ങൾക്ക് 70,000/- രൂപയും അനുവദിച്ചിട്ടുണ്ട്. ചെയർപേഴ്സണും അംഗങ്ങൾക്കും ക്ലാസ്സ് I ജീവനക്കാർക്ക് അനുവദനീയമായ നിരക്കിൽ യാത്രാബത്ത, കേരള സർവ്വീസ് ചട്ടം, അനുബന്ധം VIII പ്രകാരമുള്ള അവധി ആനുകൂല്യങ്ങൾ, പ്രതിമാസം 840/- രൂപ നിരക്കിൽ ടെലഫോൺ ബത്ത, 500/- രൂപ ദിനബത്ത, 5000/- രൂപ നിരക്കിൽ പ്രതിമാസ വാഹനബത്ത എന്നിവയും അനുവദിച്ചിട്ടുണ്ട്. |
| (ബി) | ഭക്ഷ്യ കമ്മീഷനിലെ അംഗങ്ങളുടെ ഒഴിവുകൾ നികത്താനുണ്ടോ; എങ്കിൽ എന്ന് മുതലാണ് ഒഴിവുകൾ ഉണ്ടായതെന്ന് അറിയിക്കുമോ; ആരൊക്കെയാണ് കാലാവധി പൂർത്തിയാക്കി ഒഴിവായതെന്ന് വ്യക്തമാക്കാമോ; | (ബി) | ശ്രീമതി. പി വസന്തം 24/05/2024ലും ശ്രീ. വി. രമേശൻ, ശ്രീമതി എം. വിജയലക്ഷ്മി, ശ്രീ. കെ. ദിലീപ് കുമാർ എന്നിവർ 24/06/2024 ലും വിരമിച്ചതിനാൽ നിലവിൽ വന്ന 4 അംഗങ്ങളുടെ ഒഴിവുകളിലേക്ക് അഡ്വ. കെ. എൻ സുഗതൻ, ശ്രീ.രമേശൻ വി, ശ്രീ.മുരുകേഷ് എം, ശ്രീമതി.ഷീല വിജയകുമാർ എന്നിവരെ നിയമിച്ച് ഉത്തരവായിട്ടുണ്ട്. |
| (സി) | ഭക്ഷ്യ കമ്മീഷൻ പുനഃസംഘടിപ്പിച്ചശേഷം നടത്തിയ പ്രവർത്തനങ്ങൾ വ്യക്തമാക്കുമോ; കമ്മീഷൻ എത്ര കേസുകൾ തീർപ്പാക്കിയെന്നും അവശേഷിക്കുന്നവ എത്രയാണെന്നും | (സി) | 2013-ലെ ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം സംസ്ഥാനത്ത് നടപ്പാക്കുന്നതിന്റെ സമഗ്രമായ മേൽനോട്ടവും വിലയിരുത്തലും പ്രസ്തുത നിയമത്തിന്റെ വ്യവസ്ഥകൾ പ്രകാരമുള്ള |

| | | | |
|---|---|---|---|
| | അറിയിക്കാമോ; കമ്മീഷൻ സ്വമേധയാ എത്ര കേസുകൾ രജിസ്റ്റർ ചെയ്തുവെന്ന് വ്യക്തമാക്കാമോ; | | അവകാശാധികാരങ്ങൾ നിഷേധിക്കപ്പെട്ടത് സംബന്ധിച്ച് സ്വമേധയായും ലഭ്യമാകുന്ന പരാതിയിന്മേലും അന്വേഷണം നടത്തി ഉചിതമായ നടപടി സ്വീകരിക്കുന്നതും ഭക്ഷ്യ ഭദ്രതാ നിയമത്തെക്കുറിച്ച് പൊതു ജനങ്ങളിൽ അവബോധം വളർത്തുന്നതിനായി ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതും കമ്മിഷന്റെ പ്രധാന പ്രവർത്തനങ്ങളാണ്. ഭക്ഷ്യ ഭദ്രതാ പദ്ധതികളുടെ ആനുകൂല്യങ്ങൾ അർഹതപ്പെട്ടവരിൽ എത്തുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനായി അങ്കണവാടികൾ, പൊതു വിദ്യാലയങ്ങൾ. റേഷൻകടകൾ, ഗോത്ര വർഗ്ഗ മേഖലകൾ എന്നിവിടങ്ങളിൽ സന്ദർശനം നടത്തുകയും ചെയ്യുന്നു.<br>• തീർപ്പാക്കിയ കേസുകൾ - 39<br>• അവശേഷിക്കുന്ന കേസുകൾ - 3<br>• സ്വമേധയാ രജിസ്റ്റർ ചെയ്ത കേസുകൾ- 42 |
| (ഡി) | സംസ്ഥാന ഭക്ഷ്യ കമ്മീഷനിൽ എത്ര ജീവനക്കാരാണുള്ളതെന്ന് അറിയിക്കാമോ; ഇവർ അന്യത്ര സേവന വ്യവസ്ഥയിൽ സർക്കാർ വകുപ്പുകളിൽ നിന്ന് എത്തിയവരാണോ കമ്മീഷൻ നേരിട്ട് നിയമിച്ചവരാണോ എന്നത് വ്യക്തമാക്കാമോ; | (ഡി) | സംസ്ഥാന ഭക്ഷ്യ കമ്മീഷനിൽ 16 തസ്തികകൾ അനുവദിച്ചിട്ടുള്ളതിൽ, രണ്ട് ഡ്രൈവർമാർ ഒഴികെയുള്ള 14 തസ്തികകളിലും അന്യത്ര സേവന വ്യവസ്ഥയിൽ ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. രണ്ട് ഡ്രൈവർമാരുടെ തസ്തികകളിൽ ഒരാളെ ദിവസവേതനാടിസ്ഥനത്തിലും മറ്റൊരാളെ “vehicle with driver” ഇനത്തിൽ കരാർ അടിസ്ഥാനത്തിലും നിയമിച്ചിട്ടുണ്ട്. |
| (ഇ) | കമ്മീഷൻ എത്ര വാഹനങ്ങളാണ് ഉപയോഗിക്കുന്നതെന്ന് അറിയിക്കാമോ; ഇവ സ്വന്തം വാഹനങ്ങളാണോ കരാർ അടിസ്ഥാനത്തിൽ ഉള്ളതാണോ; വിശദാംശങ്ങൾ നൽകാമോ?; | (ഇ) | കമ്മീഷനിൽ രണ്ടു വാഹനങ്ങൾ ഉണ്ട്. സർക്കാർ ഫണ്ട് ഉപയോഗിച്ച് വാങ്ങിയ വാഹനം കമ്മീഷന്റെ ചെയർപേഴ്സന്റെ ഔദ്യോഗികാവശ്യങ്ങൾക്ക് ഉപയോഗിച്ച് വരുന്നു. "vehicle with driver" ഇനത്തിൽ കരാർ എടുത്തിട്ടുള്ള വാഹനം പൊതു ആവശ്യങ്ങൾക്കായും ഉപയോഗിച്ച് വരുന്നു. |
| (എഫ്) | കമ്മീഷന്റെ വാഹനങ്ങൾ ഓടിക്കാൻ പുതുതായി ഡ്രൈവർമാരെ നിയമിച്ചിട്ടുണ്ടോ; എങ്കിൽ നിയമന നടപടികൾ വ്യക്തമാക്കാമോ; മുൻപ് ഉണ്ടായിരുന്ന ഡ്രൈവർമാരെ മാറ്റിയതിന്റെ കാരണം അറിയിക്കാമോ ? | (എഫ്) | കമ്മീഷനിൽ അനുവദിച്ചിട്ടുള്ള രണ്ട് ഡ്രൈവർമാരുടെ തസ്തികകളിൽ ഒരാളെ ദിവസവേതനാടിസ്ഥനത്തിലും മറ്റൊരാളെ vehicle with driver ഇനത്തിൽ കരാർ അടിസ്ഥാനത്തിലും നിയമിച്ചിട്ടുണ്ട്. പൊതു വിതരണ ഉപഭോക്തൃകാര്യ കാര്യാലയത്തിൽ നിന്നും അന്യത്രസേവന വ്യവസ്ഥയിൽ ഒരു ഡ്രൈവറെ ചെയർമാന്റെ ഔദ്യോഗിക ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന വാഹനത്തിന്റെ ഡ്രൈവറായി നിയമിച്ചിരുന്നുവെങ്കിലും ടിയാന്റെ അന്യത്രസേവന വ്യവസ്ഥയിലൂള്ള നിയമനം റദ്ദാക്കിയതിനെ |

| | | | |
|---|---|---|---|
| | | | തുടർന്നാണ് ദിവസവേതനാടിസ്ഥാനത്തിൽ ഡ്രൈവറെ നിയമിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ